# SSLC മാതൃകചോദ്യപേപ്പർ 2022 സാമൂഹ്യശാസ്ത്രം

# DIET,പാലക്കാട്

**ആകെ മാർക്ക് -80** **സമയം-2 1/2 മണിക്കൂർ**

**നിർദ്ദേശങ്ങൾ :**

- **ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് .സ്കോറും സമയവും പരിഗണിച്ചുവേണം ഉത്തരമെഴുതുവാൻ**
- **A,B വിഭാഗങ്ങളിൽ A - ഫോക്കസ് ഏരിയയിൽ നിന്നും B- നോൺഫോക്കസ് ഏരിയയിൽ നിന്നുമുള്ള ചോദ്യങ്ങളെ സൂചിപ്പിക്കുന്നു .**

## പാർട്ട് I

**A-1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക (1 സ്കോർ വീതം )**

**(4 x1 =4 )**

1.അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെ പ്രസിഡന്റ് ആര് ?

2.ബംഗാൾ ,ബീഹാർ ,ഒറീസ എന്നീ പ്രദേശങ്ങളിൽ ബ്രിട്ടീഷുകാർ നടപ്പാക്കിയ ഭൂനികുതി സമ്പ്രദായം ഏത്

3.1857 ലെ കലാപത്തിന്റെ ആദ്യത്തെ രക്തസക്ഷി ആര്

4.ബാങ്കുകൾ ഓവർഡ്രാഫ്റ്റ് സൗകര്യം നൽകുന്നത് ഏതുതരം നിക്ഷേപങ്ങൾക്കാണ്

(ആവർത്തിത നിക്ഷേപം, പ്രചലിത നിക്ഷേപം, സ്ഥിര നിക്ഷേപം, സമ്പാദ്യ നിക്ഷേപം)

5.ഇന്ത്യയിലെ പ്രധാന പ്രത്യക്ഷ നികുതി ഏത് ?

(ചരക്കു സേവന നികുതി ,വ്യക്തിഗത ആദായനികുതി ,സെൻട്രൽ ജി എസ് ടി ,ഇന്റഗ്രേറ്റഡ് ജി എസ് ടി)

6.ജനങ്ങൾ സർക്കാരിന് നിർബന്ധമായും നൽകേണ്ട പണമാണ്

(ഫൈൻ , ഫീസ് , നികുതി ,പലിശ )

**B-7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം (1 സ്കോർ വീതം )(4x1 =4 )**

7. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ഏത് ?

8 സമൂഹശാസ്ത്രത്തിന്റെ പിതാവ് ആര് ?

9.ഇന്ത്യയിൽ ധരാതലീയ ഭൂപടങ്ങൾ നിർമ്മിക്കുന്നതിന്റെ ചുമതല ആർക്കാണ് ?

10.1962 ൽ യു.കെയുടെ സാങ്കേതിക സഹായത്തോടെ ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ച ഇരുമ്പുരുക്കുശാല ഏത് ?

## പാർട്ട് 2

**A-11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം** **(2 സ്കോർ വീതം )(3x2 =6 )**

11.മലയാളി മെമ്മോറിയൽ -കുറിപ്പ് തയ്യാറാക്കുക

12.പരമാധികാരത്തിന്റെ തലങ്ങൾ -വിശദമാക്കുക

13.പഞ്ചശീലതത്വങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക

14.റിസർവ് ബാങ്കിൻറെ ധർമ്മങ്ങൾ എന്തെല്ലാം ?

15.ഈസ്റ്റിങ്സ് എന്നാലെന്ത് ?ഇവയുടെ സവിശേഷതകൾ എന്തെല്ലാം?

DIET PALAKKAD

**B-16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക**

**(2 സ്കോർ വീതം )(2x2=4)**

16.ചേരിചേരാ പ്രസ്ഥാനം വിലയിരുത്തുക

17.ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം

18.ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട എന്തെങ്കിലും നാല് സൗകര്യങ്ങൾ എഴുതുക ?

## പാർട്ട് 3

**A-19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക**

**(4 സ്കോർ വീതം )(3x4=12)**

19.മാനവ വിഭവ വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം ?

20. കടൽക്കാറ്റിന്റെയും കരക്കാറ്റിന്റെയും സവിശേഷതകൾ താരതമ്യം ചെയ്യുക ?

21.നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു ?
എന്ന് വിശദമാക്കുക

**22. A കോളത്തിന് അനുയോജ്യമായത് B കോളത്തിൽനിന്ന് കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക**

| A | B |
|---|---|
| • ശ്രീനാരായണ ഗുരു | വൈക്കം സത്യാഗ്രഹം |
| • ടി .കെ മാധവൻ • | ആന്ധ്രാ കേസരി |
| • എ കെ ഗോപാലൻ | ശ്രീ നാരായണ ധർമ്മ പരിപാലനയോഗം |
| • ടി പ്രകാശം | ഗുരുവായൂർ സത്യാഗ്രഹം |

23.തന്നിട്ടുള്ള ഭൂപടത്തിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക

(a)പാര ദ്വീപ്

(b)മാൾവ പീഠഭൂമി

(c)ഗംഗാനദി

(d)വിന്ധ്യ പർവ്വതനിര

**B-24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക (4 സ്കോർവീതം )(4x1=4)**

24.പൊതു ഭരണത്തിന്റെ പ്രാധാന്യമെന്ത് ?

25.ആകാശീയ വിദൂര സംവേദനത്തിന്റെ പോരായ്മകൾ എന്തെല്ലാം ?

പാർട്ട് 4

**A- 26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക**

**(6 സ്കോർവീതം )(6*3=18)**

26.റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക

27.നാട്ടുരാജ്യങ്ങളുടെ സംയോജനം സ്വതന്ത്ര ഇന്ത്യ നേരിട്ട വെല്ലുവിളികളിൽ ഒന്നായിരുന്നു .ഈ വെല്ലുവിളി തരണംചെയ്യാൻ ഇന്ത്യ സ്വീകരിച്ച നടപടികൾ എന്തെല്ലാം

28.ഹിമാലയത്തിന്റെ മൂന്നു വിഭാഗങ്ങൾ ഏതെല്ലാം ?ഓരോന്നിന്റെയും സവിശേഷതകൾ വിശകലം ചെയ്യുക?

DIET PALAKKAD

29.ആഗോള മർദ്ദമേഖലകൾ എന്നാലെന്ത് ?വിശദമാക്കുക ?

(സൂചനകൾ :സ്ഥാനം , രൂപീകരണം )

**B-30 മുതൽ 32 രെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക**

**(6 സ്കോർ വീതം)(6*2=12)**

30.ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല സമരങ്ങൾ വിശദമാക്കുക

31. ഇറ്റലിയിലെ ഫാഷിസത്തിന്റെ ഉദയവും വളർച്ചയും വിവരിക്കുക

32. പൗരബോധം വളർത്തിയെടുക്കാൻ സഹായകമായ ഘടകങ്ങൾ ഏതെല്ലാം ? വിശദമാക്കുക

**A-33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എന്നതിന് ഉത്തരമെഴുതുക**

**(8 സ്കോർ വീതം ) (8*2=16)**

33.ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിവരിക്കുക ?

34. ഇന്ത്യയിലെ പ്രധാന കാർഷിക വിളകൾ ഏതെല്ലാം ?അവയ്ക്കുവേണ്ട ഭൂമിശാസ്ത്ര ഘടകങ്ങൾ ഏതെല്ലാം ? പ്രധാനപ്പെട്ട

ഉത്പാദക സംസ്ഥാനങ്ങൾ ഏതെല്ലാം ?

35.ഉത്തരാർദ്ധഗോളത്തിൽ അനുഭവപ്പെടുന്ന നാലു ഋതുക്കൽ ഏതെല്ലാം ?

(സൂര്യന്റെ അയനവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക )

DIET PALAKKAD

